# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ജനുവരി 29**

**January 29**

**2019**

***1193 മകരം 15 ചൊവ്വ***

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ജില്ലയുടെ കായിക താരങ്ങളെ കണ്ടെത്താൻ

## ടാലന്റ് ഹണ്ട് ഇന്നുമുതൽ

ജില്ലയിലെ കായിക രംഗം നേരിടുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാനും കായിക താരങ്ങളെ കണ്ടെത്തുന്നതിനും വിവിധ വിഭാഗങ്ങളിലായി സംഘടിപ്പിക്കുന്ന ടാലന്റ് ഹണ്ട് ഇന്നും നാളെയുമായി (30, 31) കാസർകോട് മുനിസിപ്പൽ ഗ്രൗണ്ടിൽ നടക്കും. സംസ്ഥാന സ്കൂൾ കായിക മേളയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കാസർകോട് ജില്ലയെ മുൻനിരയിലെത്തിക്കാൻ ജില്ലാ കളക്ടർ ഡോ. ഡി സജിത്ത് ബാബുവിന്റെ പ്രത്യേക താൽപര്യപ്രകാരം ജില്ലാ ഭരണകൂടവും ജില്ലാ സ്പോർട്സ് കൗൺസിലും ആവിഷ്കരിച്ച 'പതിമൂന്നിൽ നിന്ന് ഒന്നിലേക്ക്' എന്ന കായിക പരിപാടിയുടെ ഭാഗമായാണ് ടാലന്റ് ഹണ്ട് സംഘടിപ്പിക്കുന്നത്.

പരിപാടിയുടെ ഉദ്ഘാടനം ഇന്ന്(30) രാവിലെ പത്തിന് പി. കരുണാകരൻ എംപി നിർവ്വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ അധ്യക്ഷത വഹിക്കും. സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ നിന്ന് ഒരു ആൺകുട്ടിയേയും പെൺകുട്ടിയേയും സ ്കൂൾ തലത്തിൽ തിരഞ്ഞെടുത്ത് മാസങ്ങളായി പരിശീലനം നൽകിവരുന്നു. 90 സ്കൂളുകളിൽ നിന്നായി പരിശീലനം നേടിയ 480 ഓളം വിദ്യാർഥികളാണ് ജില്ലാതലത്തിൽ നടക്കുന്ന ടാലന്റ് ഹണ്ടിൽ പങ്കെടുക്കുക. ഇതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് ജില്ലാ ഭരണകൂട വും ജില്ലാ സ്പോർട്സ് കൗൺസിലും ചേർന്ന് തുടർ പരിശീലനം നൽകും. ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ മികച്ച സൗകര്യങ്ങളേർപ്പെടുത്തിയാണ് പരിശീലനം നൽകുന്നത്. അടുത്ത സ്കൂൾ

കായികമേളയിലേക്ക് ജില്ലയിൽ നിന്നും മികച്ച കായിക താരങ്ങളെ വാർത്തെടുക്കുകയാണ് പ്രധാന ലക്ഷ്യം.

## പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും പൊടിച്ചെടുത്ത പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന്

നീലേശ്വരം നഗരസഭയുടെ അഭിമാന പദ്ധതിയായ ചിറപ്പുറം മാലിന്യ സംസ്കരണ കേന്ദ്രത്തിൽ നിന്നും സംസ്കരിച്ചെടുത്ത 11 ക്വിന്റൽ പൊടിച്ചെടുത്ത പ്ലാസ്റ്റിക് ഉൽപ്പന്നം ക്ലീൻ കേരള കമ്പനിക്ക് കൈമാറി. നഗരസഭയിലെ 32 വാർഡുകളിലെ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിച്ച കഴുകി വൃത്തിയാക്കി ഉണക്കിയെടുത്ത പ്ലാസ്റ്റിക്, പ്ലാന്റിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ചെടുത്ത് സംഭരിക്കുകയായിരുന്നു. ഇങ്ങനെ പൊടിച്ച ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉൽപ്പന്നം ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ പൊടിച്ചെടുത്ത പ്ലാസ്റ്റിക് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുവാനാണ് കൈമാറ്റം നടന്നത്.

വർഷങ്ങളായി അടഞ്ഞുകിടന്നിരുന്ന ചിറപ്പുറത്തെ മാലിന്യ സംസ്കരണ കേന്ദ്രം കഴിഞ്ഞ ഒക്ടോബർ രണ്ടിനാണ് പ്രവർത്തനം പുനരാരംഭിച്ചത്. ഇവിടെ ആധുനിക സംവിധാനത്തിൽ തുടങ്ങിയതിൽ നിന്നും സംസ്കരിച്ചെടുത്ത ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉൽപ്പന്നത്തിന്റെ ആദ്യ ലോഡാണ് ഇപ്പോൾ കയറ്റി അയച്ചിരിക്കുന്നത്. ചിറപ്പുറം പ്ലാന്റ് അങ്കണത്തിൽ നടന്ന ചടങ്ങിൽ നീലേശ്വരം നഗരസഭ ചെയർമാൻ പ്രൊഫ: കെ.പി. ജയരാജൻ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു. നഗരസഭാ വൈസ് ചെയർപേഴ്സൺ വി. ഗൗരി, സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ തോട്ടത്തിൽ കുഞ്ഞിക്കണ്ണൻ, പി.എം. സന്ധ്യ, എ.കെ. കുഞ്ഞികൃഷ്ണൻ, പി.പി. മുഹമ്മദ് റാഫി, പി. രാധ എന്നിവർ സംസാരിച്ചു. നഗരസഭാ കൗൺസിലർമാരായ പി വി. രാധാകൃഷ്ണൻ, കെ പി. കരുണാകരൻ, പി ഭാർഗ്ഗവി, എം വി വനജ, എ വി സുരേന്ദ്രൻ, ഹെൽത്ത് ഇൻസ്പെക്ടർ അബ്ദുൾ റഫീക്ക്, ജെ.എച്ച്.ഐ. മാരായ ടി വി. രാജൻ, ഇ രൂപേഷ്, ക്ലീൻ കേരള കമ്പനി പ്രതിനിധി കെ മിഥുൻ, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിലെ ജൂനിയർ എഞ്ചിനീയർ എൻ കിരൺ, ജൂനിയർ പ്രോഗ്രാം ഓഫീസർ ടി വി കീർത്തി, ഹരിത കർമ്മസേന അംഗങ്ങൾപങ്കെടുത്തു.

ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ തോട്ടത്തിൽ കുഞ്ഞിക്കണ്ണന്റെ നേതൃത്തിൽ നഗരസഭ ആരോഗ്യ സ്ഥിരം സമിതി അംഗങ്ങളും, ഹെൽത്ത് ഇൻസ്പെക്ടർ അബ്ദുൾ റഫീക്കിന്റെ നേതൃത്വത്തിൽ നഗരസഭാ ആരോഗ്യ വിഭാഗം ജീവനക്കാരുടേയും കൂട്ടായ്മയിലാണ് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി നീലേശ്വരം നഗരസഭ പ്ലാസ്റ്റിക്ക് മാലിന്യത്തിൽനിന്നും റോഡ് നിർമ്മാണത്തിനായി പൊടിച്ചെടുത്ത പ്ലാസ്റ്റിക് ഉൽപ്പന്നം നൽകുന്നത്.

**ഫോട്ടോ അടിക്കുറിപ്പ്:** നീലേശ്വർ:- പൊടിച്ചെടുത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങളുമായി പുറപ്പെടുത്ത ആദ്യ ലോഡ് വാഹനം നീലേശ്വരം നഗരസഭ ചെയർമാൻ പ്രൊഫ: കെ.പി. ജയരാജൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

## സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു

2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടി രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ മുമ്പ് എഴുതി പരാജയപ്പെട്ട ട്രെയിനികൾക്കും 2014 ആഗസ്റ്റ് സെഷൻ മുതൽ ഒന്ന്, രണ്ട്, മൂന്ന്, നാ

ല് പരീക്ഷ എഴുതി പരാജയപ്പെട്ട്, തുടർച്ചയായ അഞ്ച് വർഷത്തിൽ അഞ്ച് അവസരങ്ങൾ വിനിയോഗിക്കാത്ത ട്രെയിനികൾക്കും അപേക്ഷിക്കാം. "0230 L&E-00-800-OTHER RECEIPTS-88-OTHER ITEMS എന്ന ശീർഷകത്തിൽ 160 രൂപ ഒടുക്കിയ ചെലാൻ, അപേക്ഷയുടെ രണ്ട് പകർപ്പ്, എസ്.എസ്.എൽ.സി കോപ്പി, റീ അഡ്മിഷൻ ട്രെയിനിയാണെങ്കിൽ റീ അഡ്മിഷൻ നേടിയ ഉത്തരവിന്റെ കോപ്പി, മുമ്പ് പങ്കെടുത്ത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്ഷീറ്റിന്റെ പകർപ്പ്, സെമസ്റ്റർ പരീക്ഷയുടെ ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം നാളെ( ഈ മാസം 31) വൈകുന്നേരം നാലിനകം പ്രിൻസിപ്പാൾക്ക് സമർപ്പിക്കണം.

## ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിച്ചു

കാസർകോട് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും വേണ്ടി ഏകദിന പരിശിലന ക്ലാസ് സംഘടിപ്പിച്ചു. ഏകദിന പരിശീലന ക്ലാസ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിനോദ് കുമാർ കെ. പി. ഉദ്ഘാടനം ചെയ്തു. പി. ഡബ്ല്യൂ.ഡി കോൺഫറൻസ് ഹാളിൽ ക്വാളിറ്റി കൺട്രോൾ സബ്ബ് ഡിവിഷൻ അസിസ്റ്റന്റ് എക ്സിക്യൂട്ടീവ് എഞ്ചിനീയർ എം. സജിത്ത്, അസോസിയേറ്റ് പ്രൊഫസ്സർ(എം.എ.സി കോതമംഗലം) എൽസൺ ജോൺ എന്നിവർ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്:-** ഏകദിന പരിശിലന ക്ലാസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. പി വിനോദ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## കടൽ സുരക്ഷാ ഉപകരണ വിതരണം

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് സുരക്ഷ ഉറപ്പാക്കാൻ ഫിഷറീസ് വകുപ്പ് മുഖേന കടൽ സുരക്ഷാസ്ക്വാഡ് രൂപീകരിക്കുകയും ലൈഫ്ജാക്കറ്റ്, ലൈഫ്ബോയ്, സാറ്റലൈറ്റ് ഫോൺ, നാവിക്, ജി.പി.എസ്. എന്നിവ വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷയും നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറങ്ങൾക്കും കാഞ്ഞങ്ങാടുള്ള ജില്ലാ ഫിഷറീസ് ഓഫീസിലും കുമ്പള, കാസർകോട്, കാഞ്ഞങ്ങാട് മത്സ്യഭവനുകളിലും ബന്ധപ്പെടാം. കടൽസുരക്ഷാ സ്ക്വാഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോവയിലെ നാഷണൽ വാട്ടർ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ സർക്കാർ ചെലവിൽ സ്റ്റൈപ്പന്റോടുകൂടി 20 ദിവസത്തെ വിദഗ്ധപരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0467 2202537.

## ആശാ വർക്കർ നിയമനം

കുമ്പള ഗ്രാമപഞ്ചായത്തിലെ 3, 17, 18, 19, 20, 21 വാർഡുകളിൽ ആശാ വർക്കർമാരെ നിയമിക്കുന്നു. താത്പര്യമുള്ളവർ ഫെബ്രുവരി ഒന്നിന് ഉച്ചയ്ക്ക് 2.30 ന് പഞ്ചായത്ത് ഹാളിൽ ബയോഡാറ്റാ സഹിതം ഹാജരാകണം. 25 നും 45 നും ഇടയ്ക്ക് പ്രായമുള്ള പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള സ്തീകളെയാണ് പരിഗണിക്കുക. അതാത് വാർഡിലുള്ളവർക്കും മുൻഗണന നൽകും.

## വാഹന ലേലം

ബാങ്ക് ലോൺ കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ട തുക ഈടാക്കുന്നതിന്റെ ഭാഗമായി കേരള റവന്യൂ റിക്കവറി നിയമപ്രകാരം ജപ്തി ചെയ്തിട്ടുള്ള കെ എൽ.-60-ഡി-7167 നമ്പർ (റ്റാറ്റാ

ഇൻഡികാ വി2 എൽ എസ് കാർ) ഫെബ്രുവരി 16 ന് 11 മണിക്ക് ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസിൽ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക്- 0467-2204042.

## സ്റ്റാഫ് നഴ്സ് ട്രെയിനി നിയമനം

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ സ്റ്റാഫ് നേഴ്സ് ട്രെയിനി ആയി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കേരള നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷനും ജി.എൻ എം/ ബി.എസ്.സി നഴ്സിംഗ് യോഗ്യതയും ഉള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം 3000 രൂപ സ്റ്റൈപെന്റ് നൽകും. അപേക്ഷ ഫെബ്രവരി ഏഴിനകം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി സൂപ്രണ്ട് ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് -0467 2217018

## താലൂക്ക് വികസന സമിതി യോഗം

ഹൊസ്ദുർഗ് താലൂക്ക് വികസന സമിതി ഫെബ്രുവരി രണ്ടിന് രാവിലെ 11 ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

## വാഹനം ആവശ്യമുണ്ട്

ജില്ലാ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന പി എം ജി എസ് വൈ വിഭാഗം എക്സ്ക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ കാർ ഇനത്തിൽപ്പെടുന്ന വാഹനം പ്രതി മാസ നിരക്കിൽ ആവശ്യമുണ്ട്.പരമാവധി 2000 കി.മീ ഓട്ടം പ്രതീക്ഷിക്കുന്നു. താൽപര്യമുള്ള വാഹന ഉടമകൾ പ്രതീക്ഷിക്കുന്ന നിരക്ക്, വാഹനം സംബന്ധിച്ച വിവരങ്ങൾ എന്നിവ സഹിതമുള്ള ക്വട്ടേഷൻ ഫെബ്രുവരി അഞ്ചിന് വൈകുന്നേരം നാലിനകം സമർപ്പിക്കണം. കൂടുതൽ വിവര ങ്ങൾക്ക്-04994 256823

## കൗൺസിലിംഗ് നാളെ

പിലിക്കോട് ഗവ ഐ ടി ഐയിലേക്ക് മതിയായ രേഖകൾ സഹിതം പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ നാളെ(31 )രാവിലെ 9.30 ന് പിലിക്കോട് ഐ ടി ഐ ഓഫീസിൽ നട ക്കുന്ന കൗൺസിലിംഗിന് ആവശ്യമായ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. അപേക്ഷ സമർപ്പിച്ചവരുടെ ലിസ്റ്റ് കയ്യൂർ ഗവ ഐ ടി ഐയിലും പിലിക്കോട് ഐ ടി ഐ ഓഫീ സിലും ലഭ്യമാണ്.

## പുകയില ഉപയോഗം കുറയ്ക്കൽ;
## താലൂക്ക് തലത്തിൽ സ്ക്വാഡ് രൂപീകരിക്കും

പുകയില ഉപയോഗം കുറയ്ക്കുന്നതിന് താലൂക്ക് തലത്തിൽ സ്ക്വാഡ് രൂപീകരിക്കാനും സ്കൂളുകളിൽ ഇതിനായി പല വകുപ്പുകളുമായി സഹകരിച്ച് വ്യത്യസ്തമായ ബോധവത്കരണ പരി പാടികൾ സംഘടിപ്പിക്കാനും തീരുമാനം. ഡെപ്യൂട്ടി കളക്ടർ പി എം രാമചന്ദ്രന്റെ നേതൃത്വത്തിൽ എ ഡി എം ന്റെ ചേമ്പറിൽ ചേർന്ന ദേശീയ പുകയില നിയന്ത്രണ പരിപാടിയുടെ ജില്ലാതല കോർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിലാണ് തീരുമാനമായത്. കൂടാതെ പൊതുജനങ്ങൾ, സാമൂ ഹ്യപ്രവർത്തകർ, സ്കൂൾ പിടിഎ അംഗങ്ങൾ എന്നിവർക്കായി ഒരു ദിവസത്തെ ശില്പശാല സംഘ ടിപ്പിക്കാനും തീരുമാനമായി. യോഗത്തിൽ കാസർകോട് മുൻസിപ്പൽ സെക്രട്ടറി വി സജികുമാർ,ജി ഇ ഒ ജയരാജ് എം നായർ, കെ ദിനേഷ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ് മാത്രം: ഹരിതം:-**

ഹരിത സ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും പദ്ധതിയുടെ ഭാഗമായി പുല്ലൂർ ഗവ:യു.പി.സ്കൂളിലെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും നാട്ടുകാരുടേയും കൂട്ടായ്മയിൽ ശേഖരിച്ച പാഴ് വസ്തുക്കൾ വിറ്റ് കിട്ടിയ തുക മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് നൽകുവാനായി ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന് കൈമാറുന്നു.






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**